പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 502 21-10-2011 ന് മറുപടിക്ക്

"ശബരിജലം"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>" വി. റ്റി. ബൽറാം:<br>" ബെന്നി ബെഹനാൻ:<br>" ഐ. സി. ബാലകൃഷ്ണൻ : | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമലയിൽ വിതരണം ചെയ്യുന്ന ശബരിജലം ആരാണ് ഉൽപാദിപ്പിക്കുന്നത്; | (എ) | വനം വകുപ്പിന്റെ കീഴിൽ പെരിയാർ ടൈഗർ റിസർവ്വിലെ പെരിയാർ വെസ്റ്റ് ഡിവിഷനിൽ പ്രവർത്തിക്കുന്ന വിവിധ ഇക്കോഡെവലപ് മെന്റ് കമ്മിറ്റികളുടെ കൂട്ടായ്മയായ പെരിയാർ വെസ്റ്റ് കോൺഫെഡറേഷനാണ് പെരിയാർ ഫൗണ്ടേഷന്റെ ധനസഹായ ത്തോടെ ശബരിജലം ഉൽപ്പാദിപ്പിക്കുന്നത്. |
| (ബി) | ആവശ്യാനുസരണം ശബരിജലം ഉൽപാദിപ്പിക്കുന്നതിന് വലിയ പ്ലാന്റുകൾ സ്ഥാപിക്കുന്നകാര്യം പരിഗണനയിലുണ്ടോ; | (ബി) | ഉണ്ട്. 2011-12 വർഷത്തെ സർക്കാരിന്റെ ഒരു വർഷത്തെ പ്രവർത്തന പരിപാടിയിൽ ശബരിജലം വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. |

(സി) പ്ലാസ്റ്റിക് മലിനീകരണം ഒഴിവാക്കുന്നതിന്റെ ഭാഗമായി, ഉപയോഗിച്ച ശബരിജലത്തിന്റെ കുപ്പികൾ തിരിച്ചു വാങ്ങി നശിപ്പിച്ചുകളയുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ശബരിമലയിലെ പ്ലാസ്റ്റിക് മലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായാണ് ശബരിജലം പദ്ധതി ആരംഭിച്ചത്. കാനന പാതകളിൽ വിതരണം ചെയ്യുന്ന ശബരിജലത്തിന്റെ കുപ്പികൾ ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേന തിരികെ വാങ്ങി സംഭരിച്ച് പുനസംസ്കരണത്തിനായി വനത്തിന് പുറത്ത് ലേലം ചെയ്യുന്നതിനുള്ള ക്രമീകരണമാണ് നിലവിലുള്ളത്.

(ഡി) എങ്കിൽ ഇതിനായി കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാമാണ്?

(ഡി) ഉപയോഗിച്ച കുപ്പികൾ 1 രൂപാ നിരക്കിൽ ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേന തിരികെ ശേഖരിച്ച് വനത്തിന് പുറത്ത് ലേലം ചെയ്തുനൽകുകയാണ് ചെയ്തു വരുന്നത്. തിരികെ ലഭിക്കാത്ത കുപ്പികളും മറ്റു പ്ലാസ്റ്റിക് വസ്തുക്കളും അതാതു സേവന കേന്ദ്രങ്ങൾ നടത്തുന്നവർ ശേഖരിച്ച് നിയമാനുസരണം നശിപ്പിക്കുന്നുണ്ട്. ഇപ്രകാരം കരിമല, ചെറിയാനവട്ടം, വലിയാനവട്ടം എന്നീ താവളങ്ങളിൽ

--------3

ശേഖരിക്കുന്ന കാലിക്കുപ്പികളും പ്ലാസ്റ്റിക് വസ്തുക്കളും ശബരിമല ഇൻസിനറേറ്ററിൽ എത്തിച്ച് നശിപ്പിക്കുകയാണ് ചെയ്തു വരുന്നത്.

സെക്ഷൻ ഓഫീസർ